## പശ്ചിമഘട്ടം: ഗാഡ്ഗിൽ റിപ്പോർട്ട്

മാധവ് ഗാഡ്ഗിൽ പാനൽ റിപ്പോർട്ട് വഹനശേഷിയേയും ഭൂപ്രദേശത്തെയും അടിസ്ഥാനമാക്കിയുള്ള ഒരു രൂപരേഖയാണ് മുന്നോട്ടുവെക്കുന്നത്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, പരിസ്ഥിതി സംഘടനകൾ, സംസ്ഥാന സർക്കാറുകൾ, ബന്ധപ്പെട്ട വകുപ്പുകൾ, എല്ലാം ചേർന്ന് ഒരു പ്രദേശത്തിന്റെ ജൈവ-പാരിസ്ഥിതി പ്രകൃതിയ്ക്ക് അനുയോജ്യമായ വികസനം നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട നിയന്ത്രണങ്ങളും നിർദ്ദേശങ്ങളുമാണ് വിവരിച്ചിട്ടുള്ളത്.

ഡോ. എ. ലത

**ഏതു** സർക്കാർ റിപ്പോർട്ട് പുറത്തുവിട്ടാലും അതിന്റെ മേൽ ചർച്ചയും തർക്കങ്ങളും നടക്കുക സ്വാഭാവികം മാത്രം. എന്നാൽ കഴിഞ്ഞ ഒരു വർഷമായി വാർത്താമാധ്യമങ്ങളിലും രാഷ്ട്രീയ തലങ്ങളിലും സർക്കാർ തലത്തിലും സജീവ ചർച്ചാവിഷയമായി നിലനിൽക്കുന്ന ഒരേയൊരു റിപ്പോർട്ട് എന്ന ബഹുമതി പശ്ചിമഘട്ട പാനൽ റിപ്പോർട്ടിന് അവകാശപ്പെടാം. നാളിതുവരെ കാണാത്ത താത്പര്യവും, തർക്കങ്ങളും പശ്ചിമഘട്ട പാനൽ റിപ്പോർട്ട് പ്രബുദ്ധ കേരളീയരുടെ ഇടയിൽ തുറന്നുവിട്ടിട്ടുണ്ട്. ഒരുപാട് ലേഖനങ്ങൾ, പൊതുചർച്ചകൾ, വർക്ക്ഷോപ്പുകൾ ഇതിനകം പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് നടന്നു കഴിഞ്ഞു. ഇടുക്കിയിലെ തോട്ടം മേഖലയുടെ ആശങ്ക റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നിയമബലത്തോടെ (പരിസ്ഥിതി സംരക്ഷണ നിയമം, 1986) നടപ്പിലായി കഴിഞ്ഞാൽ പിന്നെ 'മൂന്നുമൂട് കപ്പ' പോലും നടാൻ കഴിയില്ല എന്നുള്ളതാണ്. കേരള സർക്കാർ ഇതിനെ 'രാക്ഷസമായ' (draconian) റിപ്പോർട്ട് എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. റിപ്പോർട്ടിലെ കാതലായ നിർദ്ദേശങ്ങളെ എതിർത്തുകൊണ്ട് കേരള സർക്കാർ ഒരു നീണ്ട റിപ്പോർട്ട് തന്നെ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന് അയച്ചുകഴിഞ്ഞു എന്നാണ് അറിയുന്നത്. ഏകദേശം 1500 കുറിപ്പുകളാണ് മാധവ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിന് മേൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന് ലഭിച്ചത്. റിപ്പോർട്ടിനോട് യോജിച്ചും വിയോജിച്ചും കുറിപ്പുകൾ അയച്ചിട്ടുണ്ട്. ഇത്രയധികം നിർദ്ദേശങ്ങൾ ലഭിച്ചപ്പോൾ പരിസ്ഥിതി മന്ത്രാലയം മറ്റൊരു എളുപ്പവഴി കണ്ടുപിടിച്ചു. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് പുനഃപരിശോധിക്കാൻ മറ്റൊരു കമ്മിറ്റിയെ നിയോഗിക്കുക. അപ്രകാരം ആഗസ്റ്റ് 17ന് പ്രൊഫ. കസ്തൂരിരങ്കൻ കമ്മിറ്റിയെ നിയോഗിച്ചുകൊണ്ടുള്ള ഉത്തരവ് പുറത്തുവന്നു. എന്നാൽ 9 അംഗ കസ്തൂരിരംഗൻ കമ്മിറ്റിയോട് ആവശ്യപ്പെട്ടിട്ടുള്ള ടേംസ് ഓഫ് റഫറൻസ് ഇവയാണ്.

1(a). ബന്ധപ്പെട്ട സംസ്ഥാന സർക്കാരുകൾ, കേന്ദ്ര മന്ത്രാലയങ്ങൾ, പശ്ചിമഘട്ട സംരക്ഷണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഗ്രൂപ്പുകൾ മുതലായവർ സമർപ്പിച്ചിട്ടുള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പശ്ചിമഘട്ട പാനൽ റിപ്പോർട്ടിനെ സമഗ്രമായി വിലയിരുത്തുക. അതിൽ തന്നെ പ്രത്യേക പരാമർശം താഴെ സൂചിപ്പിക്കുന്ന കാര്യങ്ങൾക്കായിരിക്കും; പശ്ചിമഘട്ട പ്രദേശത്തിന്റെ സാമ്പത്തിക - സാമൂഹിക വളർച്ച ഉൾകൊണ്ടുകൊ

# പരിസ്ഥിതി ഉൾച്ചേർന്ന വികസനാസൂത്രണം

ണ്ടും അതേ സമയം അനന്യമായ ജൈവവൈവിധ്യവും വനജീവിസമ്പത്തും, സസ്യസമൂഹവും മറ്റും സംരക്ഷിക്കുന്ന കാര്യത്തിൽ പ്രത്യേക ശ്രദ്ധയും പരിഗണനയും നൽകി കൊണ്ടുമുള്ള വിശകലനം

1(b). പശ്ചമിഘട്ട പ്രദേശത്തിൽ വസിക്കുന്ന ആദിവാസി, വനവാസി, സമൂഹങ്ങളുടെയും തദ്ദേശവാസികളുടെയും കാലാകാലങ്ങളായി കാടിനെയും ജൈവസമ്പത്തിനേയും ആശ്രയിച്ചു കഴിയുന്ന ജനസമൂഹങ്ങളുടേയും അവകാശങ്ങൾ, ആവശ്യങ്ങൾ, വികസന സങ്കൽപ്പങ്ങൾ എന്നിവ കണക്കിലെടുത്തു കൊണ്ടുള്ള വിശകലനം.

1(c). കാലാവസ്ഥാ വ്യതിയാനം പശ്ചിമഘട്ട പ്രദേശത്തുണ്ടാക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് അപഗ്രഥനം.

1(d). യുനെസ്കോ പശ്ചിമഘട്ടത്തിൽ പ്രഖ്യാപിച്ചിട്ടുള്ള ലോക പൈതൃക ഇടങ്ങൾ ഉയർത്തുന്ന വിഷയങ്ങൾ

1(e). സുസ്ഥിര വികസനവും പരിസ്ഥിതി സംരക്ഷവുമായി ബന്ധപ്പെട്ട് കേന്ദ്ര – സംസ്ഥാന സർക്കാരുകളെ കൂട്ടിച്ചേർത്തു കൊണ്ടുള്ള ഭരണഘടനാപരമായ പ്രശ്നങ്ങളെ വിലയിരുത്തൽ

2. പശ്ചിമഘട്ടം ഉൾക്കൊള്ളുന്ന ആറ് സംസ്ഥാനങ്ങളിലെ സംസ്ഥാന സർക്കാരുകളും പരിസ്ഥിതി സംഘടനകളും വിദഗ്ധരും മറ്റുമായി സമഗ്രമായ ചർച്ചകൾ നയിക്കുക.

3. പശ്ചിമഘട്ട പാനൽ റിപ്പോർട്ടുമായി ബന്ധപ്പെട്ട് മുന്നോട്ടുള്ള നീക്കങ്ങളെക്കുറിച്ച് കേന്ദ്ര സർക്കാരിന് യുക്തമായ നിർദ്ദേശങ്ങൾ നൽകുക.

4. കേന്ദ്ര സർക്കാരിന് യുക്തമായി തോന്നുന്ന മറ്റു പ്രധാന കാര്യങ്ങൾ ഉണ്ടെങ്കിൽ അവയെ കൂടി പരിശോധിക്കുക.

പശ്ചിമഘട്ട പാനൽ റിപ്പോർട്ടിലെ നിർദ്ദേശങ്ങളും മേൽ സൂചിപ്പിച്ച ടേംസ് ഓഫ് റഫറൻസും ഉൾപ്പെടുത്തിക്കൊണ്ട് ഒരു ആക്ഷൻപ്ലാൻ സമർപ്പിക്കുകയെന്നതാണ് കസ്തൂരിരംഗൻ കമ്മിറ്റിയുടെ ഏറ്റവും പ്രധാനപ്പെട്ട ദൗത്യം. മൂന്നുമാസം കാലാവധിയാണ് കസ്തൂരിരംഗൻ കമ്മിറ്റിയ്ക്ക് നൽകിയത്. ഒക്ടോബർ 17ന് പുറപ്പെടുവിച്ച ഓഫീസ് ഓർഡർ പ്രകാരം കസ്തൂരിരംഗൻ കമ്മിറ്റിയുടെ കാലാവധി 2013 ഫെബ്രുവരി 16 വരെ നീട്ടികൊടുത്തിട്ടുണ്ട്.

ഇത്തരുണത്തിൽ പശ്ചിമഘട്ട പാനൽ റിപ്പോർട്ടുമായി ബന്ധപ്പെട്ട് കേരളം ആഴത്തിൽ ചർച്ച ചെയ്യേണ്ട ചില വസ്തുതകളുണ്ട്, വിഷയങ്ങളുണ്ട്. പശ്ചിമഘട്ടമെന്ന അതിലോലമായതും അതിസങ്കീർണ്ണമായതുമായ ആവാസവ്യവസ്ഥയെ അതിന്റെ പൂർണതയോടെയും സമഗ്രതയോടെയും മനസ്സിലാക്കിയിട്ടുള്ള വ്യക്തികൾ – ശാസ്ത്രലോകം തന്നെ വളരെ വിരളമാണ്. മനുഷ്യന്റെ തെറ്റായ ഇടപെടലുകൾ കാരണം ദിനംപ്രതി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന, പകരം വെക്കാൻ പറ്റാത്ത ജൈവവൈവിധ്യവും ആവാസവ്യവസ്ഥ ബന്ധങ്ങളും നമ്മുടെ കേവലം കണക്കുകൾക്കുമപ്പുറമാണുതാനും. കാടിന്റെ ഇല്ലാതായ തുടർച്ചയും നഷ്ടപ്പെടുന്ന ജൈവ–അജൈവബന്ധങ്ങളും നമുക്കു നഷ്ടപ്പെട്ട പുഴകളും, വറ്റുന്ന ജലായശങ്ങളും തുടർച്ച നഷ്ടപ്പെട്ട പുഴയോരകാടുകളും അപ്രത്യക്ഷമായ മണൽത്തിട്ടകളും എല്ലാം കൂട്ടിവായിക്കാനും അവ കേരളമെന്ന കൊച്ചുസംസ്ഥാനത്തിന്റെ സാമൂഹിക – സാമ്പത്തിക അടിത്തറയെ എങ്ങനെയാണ് ബാധിച്ചുകൊണ്ടിരിക്കുന്നത് എന്ന വസ്തുനിഷ്ഠമായ വിശകലനം നടത്താനും നാം ഇതുവരെ തയ്യാറായിട്ടില്ല. ജലസുരക്ഷ, ഭക്ഷ്യസുരക്ഷ എന്നിങ്ങനെയുള്ള പറഞ്ഞുപഴകിയ വാക്കുകൾ ഭരണകർത്താക്കളടക്കം പൊതുസമൂഹവും സന്നദ്ധസംഘടനകളും നിർലോഭം ഉപയോഗിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. എന്നാൽ കേരളീയരുടെ എല്ലാതരം സുരക്ഷയും പശ്ചിമഘട്ടമെന്ന ആവാസവ്യവസ്ഥയുടെ നിലനിൽപ്പുമായി ഇഴുകി ചേർന്നുകിടക്കുന്നു എന്ന വസ്തുത അഭിമുഖീകരിക്കാൻ നാം ഇന്നും തയ്യാറാകുന്നില്ല. ആദിവാസി സമൂഹങ്ങളിൽ കാണപ്പെടുന്ന പ്രകൃതിയോടുള്ള ആത്മീയ–ജൈവബന്ധത്തിലൂന്നിയ, പാരമ്പര്യബന്ധത്തിലൂന്നിയ കൊടുക്കൽ വാങ്ങലിന്റെ സംസ്കാരത്തിൽ നിന്നും നാം ഒന്നും പഠിക്കാൻ ശ്രമിച്ചിട്ടില്ല. മാത്രമല്ല ആദിവാസി സമൂഹങ്ങളെ തങ്ങളുടെ ഇടങ്ങളിൽനിന്നും നമ്മുടെ ജൈവബന്ധങ്ങളില്ലാത്ത മുഖ്യധാര ചിന്താഗതിയിലേക്കും ജീവിതശൈലിയിലേക്കും കൊണ്ടുവരാൻ നാം നിരന്തരം പ്രയത്നിച്ചുകൊണ്ടിരിക്കുന്നുണ്ടുതാനും. ശോഷിച്ചുകൊണ്ടിരിക്കുന്ന പ്രകൃതിയെ തിരിച്ചുകൊണ്ടുവരാൻ ആദിവാസി സമൂഹങ്ങളുടെ ഉള്ളറിവിന് സാധിക്കുമായിരുന്ന അവസരം കൂടി ഈ മുഖ്യധാരയിലേക്കുള്ള വലിച്ചിഴക്കലിൽ കാരണം നഷ്ടപ്പെടുമോ എന്ന പേടിയും ഇല്ലാതില്ല.

കഴിഞ്ഞ 35 വർഷങ്ങളിൽ കേരളത്തിൽ മാറിമാറി വരുന്ന വികസനസങ്കൽപ്പങ്ങളും അതുമായി ബന്ധപ്പെട്ടുനടന്നുവരുന്ന പ്രകൃതിവിഭവങ്ങളുടെ ചൂഷണവും മാധവ് ഗാഡ്ഗിൽ പാനൽ റിപ്പോർട്ടിന്റെ നിർദ്ദേശങ്ങളുമായി കൂട്ടിച്ചേർത്ത് വായിക്കേണ്ടതാണ്. പ്രകൃതിസംരക്ഷണ പ്രവർത്തനങ്ങളുടെ പ്രധാനകേന്ദ്രബിന്ദു സൈലന്റ്‌വാലി സംരക്ഷണ കാലഘട്ടത്തിൽ കാടായിരുന്നു. അണക്കെട്ടുകൾക്കു വേണ്ടിയും വ്യവസായങ്ങൾക്കു വേണ്ടിയും റോഡുകൾക്കു വേണ്ടിയും സെലക്ഷൻ ഫെല്ലിംഗിന്റെ പേരിലും മറ്റും തുടച്ചു മാറ്റിയ കാടും, കാടിന്റെ തുടർച്ചയും നമ്മെ അസ്വസ്ഥരാക്കിയിരുന്നു. കേരളത്തിൽ ഒരുപാട് ഗ്രാമങ്ങളിലും വിദ്യാലയങ്ങളിലും പ്രകൃതിസംരക്ഷണ പ്രവർത്തനങ്ങൾ തുടങ്ങാനും പ്രകൃതി സംരക്ഷണത്തിനോട് പ്രതിബന്ധതയുള്ള ഒരുതലമുറയെ തന്നെ വാർത്തെടുക്കാനും ഈ പ്രവർത്തനങ്ങൾ വഴിയൊരുക്കി. കഴിഞ്ഞ 35 വർഷങ്ങൾകൊണ്ട് വികസനത്തിന്റെ പേരിൽ നടന്നുവരുന്ന പ്രകൃതിവിഭവ ചൂഷണത്തിന്റെ തോതും രീതിയും മാറിയിരിക്കുന്ന കാഴ്ച നമുക്ക് കാണാം, 'കാട്ടിൽനിന്നും നാട്ടിലേക്ക്' എന്ന രീതിയിലാണ് നാശത്തിന്റെ വഴി. കുന്നിടിക്കൽ, കരിങ്കൽ ക്വാറികൾ, വയലുകളും തണ്ണീർത്തടങ്ങളും മുറിച്ചുപോകുന്ന ഹൈവേകൾ–റോഡുകൾ, പുഴ/കായൽ മണൽ വാരൽ, നെൽവയൽ നികത്തൽ, കിണറുകളും കുളങ്ങളും നികത്തൽ, നഗരങ്ങളുടെയും ചെറുപട്ടണങ്ങളുടേയും അതിവികസനം എന്നി

ങ്ങനെ നീണ്ട ഒരു പട്ടിക തന്നെ നിരത്താൻ സാധിക്കും. വികസനത്തിനുവേണ്ടി വിട്ടുകൊടുക്കുന്ന പ്രകൃതി വിഭവങ്ങൾ ദിനംപ്രതി വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ കേരളത്തിന്റെ പ്രബുദ്ധ രാഷ്ട്രീയ സമൂഹം ഒന്നിരുന്നുചിന്തിക്കേണ്ട ഒരു വസ്തുതയുണ്ട്. ഇന്ന് പിന്തുടർന്നു പോരുന്ന ഈ വികസന മാതൃകക്ക് അതിരുകളുണ്ടോ? അതിരുകൾ ഇല്ല എന്ന രീതിയിൽ തുടർന്നുപോരുന്ന ഈ കാഴ്ചപ്പാടിന് 'അതിവേഗം ബഹുദൂരം' മുന്നേറാൻ ബുദ്ധിമുട്ടാണ് എന്നു തന്നെയാണ് ചുറ്റുമുള്ള യാഥാർത്ഥ്യങ്ങൾ സൂചിപ്പിക്കുന്നത്. കേരളം ഇന്ന് നേരിടുന്ന മുഖ്യപ്രശ്നങ്ങൾ ഏതൊക്കെയാണെന്ന് വസ്തുതാപരമായ ആത്മപരിശോധന നടത്തിയാൽ നമുക്ക് ഒരു നീണ്ട പട്ടിക തയ്യാറാക്കാൻ കഴിയും. ഇവയിൽ പലതിനും വ്യക്തമായ കണക്കുകൾ പോലുമില്ല എന്നതാണ് വാസ്തവം. ചില പ്രധാന പ്രശ്നങ്ങൾ മാത്രം ഇവിടെ ചർച്ച ചെയ്യുന്നു.

1. കുടിവെള്ളക്ഷാമം - പുഴകളിലെ നീരൊഴുക്ക് കുറഞ്ഞതും ചർച്ചചെയ്യുന്നു. ജലവിതാനം കുറഞ്ഞുവരുന്നതും, ഭൂവിനിയോഗത്തിൽ വന്ന മാറ്റങ്ങളും - വയൽ നികത്തൽ, കുന്നിടിക്കൽ, മണൽവാരൽ- എന്നിവയുടെ ആകെ തുക.

2. ജലത്തിന്റെ ഗുണമേന്മ മോശമായി. പല പഠനങ്ങളും സൂചിപ്പിക്കുന്നത് പുഴകളിലേയും ജലാശയങ്ങളിലേയും വെള്ളത്തിന്റെ ഗുണമേന്മ പല കാരണങ്ങൾ കൊണ്ട് ശോഷിച്ചിരിക്കുന്നു എന്നതാണ്. സ്വയം ശുദ്ധീകരിക്കുവാനുള്ള സ്വാഭാവികമായ കഴിവ് (self purification) നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത് ഇതിന് പ്രധാന കാരണമായി കാണാം. യോജിപ്പിരിക്കുന്നു എന്നതാണ് പുഴകൾക്ക് സ്വയം ശുദ്ധീകരിക്കാനുള്ള സ്വാഭാവികമായ കഴിവ് നഷ്ടപ്പെട്ടുകൊണ്ടിരിക്കാൻ കാരണം.

3. മണ്ണിന്റെ ഫലഭൂയിഷ്ഠത നഷ്ടപ്പെട്ടു. ഭൂമിയുടെ സ്വാഭാവിക കിടപ്പും ചെരിവും മണ്ണിന്റെ സ്വഭാവവും തിരിച്ചറിയാതെയുള്ള തെറ്റായ ഭൂവിനിയോഗവും കാടിന്റെ ശോഷണവും കീടനാശിനി - രാസവളപ്രയോഗവും ഇതിന് പ്രധാന കാരണമായി കാണാം.

4. മണ്ണൊലിപ്പും ഉരുൾപൊട്ടലും വർദ്ധിച്ചുവരുന്ന തെറ്റായ ഭൂവിനിയോഗവും ജലത്തിന്റെ സ്വാഭാവിക drainage pattern മാറ്റിമറിക്കുന്ന കൃഷിരീതികൾ ഈ അവസ്ഥക്കു ആക്കം കൂട്ടി.

5. പുഴകളിലെ വേനൽക്കാലനീരൊഴുക്ക് കുറഞ്ഞു. പശ്ചിമഘട്ടത്തിൽനിന്നും ഉത്ഭവിക്കുന്ന നമ്മുടെ പുഴകൾ പലതും കടലിൽ എത്തിച്ചേരാൻ ബുദ്ധിമുട്ടുന്നു. ഒരു പുഴത്തടത്തിൽ പുഴയുടെ നീരൊഴുക്കിലേക്ക് സംഭാവന ചെയ്യുന്ന എല്ലാ ജൈവ -അജൈവ ഘടകങ്ങൾക്കും ശോഷണം സംഭവിക്കുമ്പോൾ (വൃഷ്ടിപ്രദേശത്തെ കാടിന്റെ ശോഷണം, അണക്കെട്ടുകൾ കാരണം നീരൊഴുക്കിൽ വന്നു ചേർന്നിട്ടുള്ള വ്യതിയാനം, പുഴയോരക്കാടുകളുടെ നാശം, മണൽ വാരൽ പോലുള്ളവ) അതു പുഴയുടെ സ്വാഭാവിക നീരൊഴുക്കു നിർവഹിക്കുന്ന ജൈവികവും ഭൗതികവുമായ (ecological & bio physical) പല കാര്യങ്ങൾക്കും ഭംഗം സംഭവിക്കുമ്പോൾ അതു നീരൊഴുക്കിൽ പ്രതിഫലിക്കുന്നു.

മേൽ സൂചിപ്പിച്ച എല്ലാ പ്രശ്നങ്ങൾക്കും നിദാനം പ്രകൃതിവിഭവങ്ങളെ ഉപയോഗിക്കുന്ന രീതിയിലും തോതിലും വന്നിട്ടുള്ള വളരെ നിരുത്തരവാദിത്തപരമായ സമീപനത്തിലാണ്. ഒരു ഭൂപ്രദേശത്തിന്റെ വഹനശേഷിക്കപ്പുറം (carrying capacity) അവിടുത്തെ പ്രകൃതിവിഭവങ്ങളെ നാം ചൂഷണം ചെയ്യാൻ തുടങ്ങിയാൽ അത് ഏതു രീതിയിലാണ് തിരിച്ചടിക്കുക ചെയ്യുക എന്നത് പലപ്പോഴും പ്രവചിക്കാൻ കൂടി ബുദ്ധിമുട്ടാണ്. എന്നാൽ വഹനശേഷി അപഗ്രന്ഥിക്കുക വഴി ആ ഭൂപ്രദേശത്ത് എത്രമാത്രം വികസനം അഥവാ മനുഷ്യന്റെ ഇടപെടൽ ആകാം അഥവാ ആകരുത് എന്നത് നിർവചിക്കാൻ സാധിക്കും. ഹിമാലയത്തിൽ നിന്നും ഉദ്ഭവിക്കുന്ന പല നദികളിലും നൂറുകണക്കിന് അണക്കെട്ടുകൾ പണിയാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പദ്ധതികൾ ഒരുക്കുമ്പോൾ ഈ തീരുമാനങ്ങൾക്കെതിരെ ഉയർന്നുവന്നിട്ടുള്ള പ്രധാന വാദങ്ങൾ ഒരു പുഴയിൽ എത്ര അണക്കെട്ടുകൾ പണിയാം - പുഴയുടെ വഹനശേഷിയെന്താണ് - ഇത്രയധികം അണക്കെട്ടുകൾ ഒരു പുഴയിൽ മൊത്തത്തിൽ വരുത്തി വെക്കാവുന്ന ആഘാതം എന്തൊക്കെയാകാം - (cumulative impact assessment) എന്നിവയാണ്. കേരളമെന്ന കൊച്ചു സംസ്ഥാനത്തിലും ഇത്തരം ചോദ്യങ്ങൾക്ക് പ്രസക്തിയുണ്ട്. അതുകൊണ്ട് തന്നെയാണ് മാധവ് ഗാഡ്ഗിൽ പാനൽ വഹനശേഷിക്കനുസൃതമായ ഒരു വികസന രീതിക്കുമാത്രമേ ഇനി നിലനിൽപ്പുള്ളൂ എന്നുള്ള സുപ്രധാന നിർദ്ദേശം മുന്നോട്ട് വെക്കുമ്പോൾ അത് തള്ളിക്കളയാൻ നിർവാഹമില്ലാതാകുന്നതും.

കേരളത്തിലെ ഭരണ - രാഷ്ട്രീയരംഗത്തുള്ളവർ പശ്ചിമഘട്ട പാനലിലെ നിർദ്ദേശങ്ങൾ സ്വീകരിച്ചാൽ ഇവിടെ വികസനം മുരടിക്കും എന്ന് വാദിക്കുമ്പോൾ ഇരിക്കുന്ന കൊമ്പ് മുറിച്ചുകൊണ്ടുള്ള വികസനസമീപനം എടുക്കുന്നു എന്നുത

> ഹിമാലയത്തിൽ നിന്നും ഉദ്ഭവിക്കുന്ന പല നദികളിലും നൂറുകണക്കിന് അണക്കെട്ടുകൾ പണിയാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പദ്ധതികൾ ഒരുക്കുമ്പോൾ ഈ തീരുമാനങ്ങൾക്കെതിരെ ഉയർന്നുവന്നിട്ടുള്ള പ്രധാന വാദങ്ങൾ - ഒരു പുഴയിൽ എത്ര അണക്കെട്ടുകൾ പണിയാം - പുഴയുടെ വഹനശേഷിയെന്താണ് - ഇത്രയധികം അണക്കെട്ടുകൾ ഒരു പുഴയിൽ മൊത്തത്തിൽ വരുത്തി വെക്കാവുന്ന ആഘാതം എന്തൊക്കെയാകാം - എന്നിവയാണ്. കേരളമെന്ന കൊച്ചു സംസ്ഥാനത്തിലും ഇത്തരം ചോദ്യങ്ങൾക്ക് പ്രസക്തിയുണ്ട്.

ന്നെ വേണം കരുതാൻ. ഒരു പക്ഷെ എന്താണ് പരിസ്ഥിതി പ്രധാനമേഖല (ecologically sensitive area) എന്നത് കൊണ്ട് ഉദ്ദേശിക്കുന്നതെന്നും ഒരു ഭൂപ്രദേശം ESA ആയി നോട്ടിഫൈ ചെയ്താൽ അവിടെ ഏതുതരത്തിലുള്ള ഭൂവിനിയോഗവും പ്രകൃതി-മനുഷ്യവിഭവ പരിപാലനവും സാധ്യമാവും എന്നും പൊതുസമൂഹത്തിൽ പരക്കെ ചർച്ചചെയ്യപ്പെടാത്തതിന്റെ അഭാവമാകാം ഇത്തരം സംശയങ്ങൾക്ക് കാരണം.


ഫോട്ടോ: ഡോ. പി.എസ്. ഉണ്ണികൃഷ്ണൻ

നിലവിൽ നടപ്പിലാക്കികൊണ്ടിരിക്കുന്ന വികസനസമീപനം പാരിസ്ഥിതിക ആഘാതങ്ങളെ ശരിയായ രീതിയിലും വ്യാപ്തിയിലും ആഴത്തിലും അപഗ്രഥിക്കുന്നില്ല. ഒരു ഭൂപ്രദേശത്തിന്റെ വികസന വഹനശേഷിയും കണക്കിലെടുക്കുന്നില്ല. ഉദാഹരണത്തിന് ഒരു പഞ്ചായത്തിൽ എത്ര കരിങ്കൽ ക്വാറികൾക്ക് അനുമതി നല്കാം, ഒരു പുഴയിൽ എത്ര അണക്കെട്ട് പണിയാം, ഒരു പുഴയിൽ നിന്നും എത്രത്തോളം മണൽ/വെള്ളം ഊറ്റിയെടുക്കാം. ഇത്തരം തീരുമാനങ്ങൾ കൈക്കൊള്ളുമ്പോൾ, പ്രസ്തുത പ്രദേശത്തിന്റെ പരിസ്ഥിതിക്ക് ഒഴിവാക്കാനാകാത്തതും പരിഹരിക്കാനാകാത്തതുമായ നാശനഷ്ടങ്ങൾ ഉണ്ടാകുന്നുണ്ടെങ്കിൽ അത് ദൂരവ്യാപകമായ പ്രശ്നങ്ങൾ വരുത്തിവെക്കുമെന്ന അവബോധത്തോടെ, കാഴ്ചപ്പാടോടെയുള്ള വികസന സമീപനം ഉണ്ടാക്കുന്നില്ല. ഇതു തന്നെയാണ് ഏറ്റവും ലളിതമായ തലത്തിൽ വികസന വഹനശേഷി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇത്തരത്തിൽ വികസനവുമായി ബന്ധപ്പെട്ട ഓരോ മേഖലയിലും പാരിസ്ഥിതിക പ്രാധാന്യമുള്ള ആസൂത്രണം നടപ്പിലാക്കുകയെന്നതാണ് ESA അടിസ്ഥാനപ്പെടുത്തിയുള്ള പ്രകൃതിവിഭവങ്ങളുടെ ആസൂത്രണം എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. അല്ലാതെ ഇടുക്കിയിലെ കർഷകർ ഭയക്കുന്നതുപോലെ ESA അനുസൃതമായിട്ടുള്ള നിയമങ്ങൾ നിലവിൽ വന്നാൽ കൃഷി നിർത്തി മലനാട് ഉപേക്ഷിച്ച് താഴ്‌വാരങ്ങളിലേക്ക് ഇറങ്ങേണ്ടിവരും എന്ന വാദത്തിൽ കഴമ്പില്ല.

ESA വികസന സമീപനത്തിൽ ആ ഭൂപ്രദേശത്ത് ജീവിക്കുന്ന ജനസമൂഹങ്ങളെ മാറ്റി പാർപ്പിക്കേണ്ടിവരുന്നില്ല, അവർ കൃഷി ഉപേക്ഷിക്കേണ്ടിവരുന്നില്ല. വന്യജീവി സംരക്ഷണനിയമം (Wildlife Protection Act) പോലെ വിലക്കുകൽപ്പിക്കുന്ന നിയമത്തിന്റെ കീഴിലല്ല, പരിസ്ഥിതി സംരക്ഷണം നിയമത്തിന്റെ (Environmental Protection Act, 1986) കീഴിലാണ് ഒരു പ്രദേശം പരിസ്ഥിതി പ്രാധാന്യമേഖല (ESA) യായി പ്രഖ്യാപിക്കപ്പെടുന്നത്. നിലവിൽ ഇന്ത്യയിൽ 1989 മുതൽ ഒരുപാട് ESAകൾ പരിസ്ഥിതി സംരക്ഷണം നിയമത്തിന്റെ (1986) കീഴിൽ വിജ്ഞാപനം ചെയ്തുകഴിഞ്ഞു. പശ്ചിമഘട്ട മേഖലയിൽ മാതേരാൻ, മഹാബലേശ്വർ – പാഞ്ച്ഗനി എന്നീ രണ്ട് ടൂറിസം പ്രാധാന്യമുള്ള മേഖലകളിലാണ് ആദ്യത്തെ ESA വിജ്ഞാപനങ്ങൾ നിലവിൽ വന്നത്. ഇവ രണ്ടും വിജ്ഞാപനം ചെയ്യുന്നതിൽ സന്നദ്ധസംഘടനകൾ ഏറിയ പങ്ക് വഹിച്ചിട്ടുണ്ടുതാനും. മറ്റു നിയമാനുസൃത സംരക്ഷിത മേഖലകളിൽ നിന്നും വ്യത്യസ്തമായി (ബഫർ സോൺ, ദേശീയോദ്യാനം, വന്യജീവി സങ്കേതങ്ങൾ) ESA വിജ്ഞാപനം ഒരു ജനകീയ പങ്കാളിത്ത പ്രക്രിയയിൽ കൂടിയാണ് ഉടനീളം നടപ്പിലാക്കുക. ഒരു ഭൂപ്രദേശം ESA ആയി നോട്ടിഫൈ ചെയ്യുവാൻ പറ്റിയതാണോ എന്ന് പരിശോധിക്കാൻ, 2000 ത്തിൽ കേന്ദ്രപരിസ്ഥിതി മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം തയ്യാറാക്കിയ പ്രണബ്സെൻ കമ്മിറ്റി റിപ്പോർട്ടിലെ പാരിസ്ഥിതിക അളവുകോലാണ് (Ecological criteria) അവലംബം. അതുപോലെ തന്നെ 2003ലെ വിജയരാഘവൻ കമ്മിറ്റിയുടെ ഹിൽസ്റ്റേഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങളും പ്രസക്തമാണ്. മേഖലാ അഥവാ ഡിപാർട്ട്മെന്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന വികസന പ്രക്രിയയിൽനിന്നും വ്യതസ്തമായി ഒരു ഭൂപ്രദേശത്തിന്റെ (landscape) മൊത്തം പാരിസ്ഥിതിക – മാനുഷിക – സാമൂഹിക – സാംസ്കാരിക വികസന സാധ്യതകളും പ്രശ്നങ്ങളും വിലയിരുത്തി, ഭൂപ്രദേശതല ആസൂത്രണം (landscape level planning) നടപ്പിലാക്കുകയെന്നതാണ് ESA കൊണ്ട് ഉദ്ദേശിക്കുന്നത്. അതുകൊണ്ടുതന്നെ ആ ഭൂപ്രദേശത്തിന്റെ മൊത്തം ജനവിഭാഗത്തിന്റെ പങ്കാളിത്തവും സമരവും ഇതിനാവശ്യമായിവരുന്നു.

ഒരുപ്രദേശം ESA ആയി നോട്ടിഫൈ ചെയ്യുന്നതിന് കടമ്പകൾ ഏറെയുണ്ട്. താഴെ സൂചിപ്പിച്ചിരിക്കുന്ന ഘട്ടങ്ങളാണ് മുഖ്യമായും പരിപാലിക്കപ്പെടേണ്ടത്.

1. ഒരു ഭൂപ്രദേശം ESA ആയി നോട്ടിഫൈ ചെയ്യാൻ സാധ്യത

കളുണ്ടോ എന്നുള്ള പരിശോധന–പ്രൊണാബ് സെൻ കമ്മിറ്റി 2000, ഹിൽ സ്റ്റേഷൻ കമ്മിറ്റി, 2003 എന്നിവയിൽ പ്രതിപാദിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരം.

2. ESA ആയി പ്രഖ്യാപിക്കാൻ പറ്റിയ പ്രദേശമാണെന്ന് തീർച്ചപ്പെടുത്തി കഴിയുമ്പോൾ ഭൂപ്രദേശത്തിന്റെ അതിരുകൾ തിട്ടപ്പെടുത്തുക. കഴിവതും നിർമറിത്തട അടിസ്ഥാനത്തിൽ അതിരുകൾ തീരുമാനിക്കുന്നതിന് അഭികാമ്യം.

3. മേൽ സൂചിപ്പിച്ച (1) (2) വച്ച് ഒരുകരട് രൂപരേഖ തയ്യാറാക്കുക. ആ ഭൂപ്രദേശത്തിന്റെ പാരിസ്ഥിതിക വിലോലത, ജനസംഖ്യ, കാലാവസ്ഥ, ഭൂവിനിയോഗം, നാളിതുവരെയുള്ള വികസന പ്രവർത്തനങ്ങൾ, സസ്യ - ജന്തു വൈവിധ്യവും തദ്ദേശീയതയും, മനുഷ്യ - വന്യജീവി സംഘർഷം, പാരിസ്ഥിതിക പ്രശ്നങ്ങൾ എന്നിവ ഉൾപ്പെടുന്ന ഒരു സമഗ്രരൂപരേഖയാണ് തയ്യാറാക്കേണ്ടത്. പ്രസ്തുത രൂപരേഖയിൽ ഒരു പ്രദേശം ESA ആയി പ്രഖ്യാപിക്കാനുള്ള യോഗ്യതകളും ഉൾപ്പെട്ടിരിക്കുന്നു.

4. കരടു രൂപരേഖ പ്രസ്തുത ഭൂപ്രദേശത്തെ എല്ലാ ജനവിഭാഗങ്ങളുടെയും സമക്ഷം ചർച്ചയ്ക്ക് വയ്ക്കുക (വിവിധ വകുപ്പുമേധാവികൾ, ജില്ലാ കളക്ടർ, കൃഷിക്കാർ, പഞ്ചായത്തുകൾ, ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്നവർ, പരിസ്ഥിതി പ്രവർത്തകർ ഇത്യാദി). അവരുടെ അഭിപ്രായങ്ങളും ആക്ഷേപങ്ങളും മനസ്സിലാക്കുക.

5. ചർച്ചയുടെ അടിസ്ഥാനത്തിൽ കരടുരൂപരേഖയിൽ മാറ്റങ്ങൾ വരുത്തി സംസ്ഥാന സർക്കാറിന് സമർപ്പിക്കുക.

6. സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിലാണ് മേൽ സൂചിപ്പിച്ച പ്രക്രിയ നടപ്പിലാക്കുന്നതെങ്കിൽ ഗ്രാമസഭകളും സർക്കാർ സംവിധാനങ്ങളും ഉപയോഗിച്ചാണ് രൂപരേഖ തയ്യാറാക്കുക. ഉദാഹരണത്തിന് ESA ആയി പ്രഖ്യാപിക്കാൻ ഉദ്ദേശിക്കുന്ന ഒരു ഭൂപ്രദേശത്തിന്റെ ഉള്ളിൽ അഞ്ച് ഗ്രാമപഞ്ചായത്തുകൾ ഉൾപെട്ടിട്ടുണ്ടെങ്കിൽ, അഞ്ചിടങ്ങളിലും ഗ്രാമസഭ വളിച്ചുകൂട്ടി/ ഗ്രാമപഞ്ചായത്ത് തലത്തിൽ മീറ്റിംഗുകൾ വിളിച്ചുകൂട്ടി രൂപരേഖ ചർച്ചയ്ക്കു വെക്കേണ്ടതാണ്. ജനങ്ങളുടെ അഭിപ്രായങ്ങളും ആശങ്കകളും ഇതു വഴി ദൂരീകരിക്കേണ്ടതാണ്.

7. അതാതു സംസ്ഥാനത്തിന്റെ ടൗൺ ആന്റ് കൺട്രി ആക്ട് പ്രകാരമാണ് ESA രൂപരേഖകൾ തയ്യാറാക്കേണ്ടത്. മാത്രമല്ല, കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം ഇതുവരെ പ്രഖ്യാപിച്ചിട്ടുള്ള ESA നോട്ടിഫിക്കേഷൻ പരിശോധിക്കുമ്പോൾ ഓരോ ESA യ്ക്കും പ്രാദേശിക മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങളും വായിക്കും. ഒരു ഭൂപ്രദേശം ESA ആയി പ്രഖ്യാപിച്ചു കഴിഞ്ഞാൽ പിന്നെ അവിടത്തെ എല്ലാ മേഖലകളെയും ഏകോപിപ്പിച്ചുകൊണ്ട് 20 വർഷത്തേക്കുള്ള നയരേഖകളാണ് സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ നടപ്പിലാക്കേണ്ടിയിരുന്നത്.

പ്രസ്തുത മാസ്റ്റർ പ്ലാനിൽ പാരിസ്ഥിതിക പുനരുജ്ജീവന പ്രവർത്തനങ്ങൾ ഉൾപ്പെടെ നടപ്പിലാക്കാവുന്നതും നടപ്പിലാക്കാൻ പറ്റാത്തതുമായ വികസന പ്രവർത്തനങ്ങൾ പ്രതിപാദിക്കേണ്ടതുണ്ട്. ഉദാഹരണത്തിന് ഒരു പ്രദേശം ESA ആയി പ്രഖ്യാപിച്ചാൽ അതിൽ പുതിയ ഖനനം, മാരകമായ രാസ വ്യവസായങ്ങൾ എന്നിവയ്ക്ക് തീർത്തും നിരോധനം ഏർപ്പെടുത്തുന്നതാണ്. മേഖല അടിസ്ഥാനത്തിൽ വ്യവസായങ്ങൾ, നിലവിൽ പ്രവർത്തിക്കുന്ന ക്വാറികൾ, ടൂറിസം, റോഡ് ഗതാഗതം, കാട്, നാട്ടിലെ മരങ്ങൾ, ജൈവവൈവിധ്യം, കൃഷി, പ്രകൃതിസമ്പത്ത്, പ്ലാസ്റ്റിക്കിന്റെ ഉപയോഗം, മലിനീകരണം, അണക്കെട്ടുകളുടെ പ്രവർത്തനം, വൃഷ്ടിപ്രദേശത്തിന്റെ സംരക്ഷണം, ജലവിഭവപരിപാലനം എന്നിങ്ങനെ ഓരോ മേഖലയ്ക്കും 20 വർഷത്തേക്കുള്ള നയരേഖകൾ തയ്യാറാക്കുകയും നിലവിലുള്ള വികേന്ദ്രീകരണ ഭരണസംവിധാനം വഴി നടപ്പിലാക്കുകയും ചെയ്യണം.

8. പാരിസ്ഥിതിക പുനരുജ്ജീവനപ്രവർത്തനങ്ങളിൽ വഴിയോര മരങ്ങൾ വെച്ചുപിടിപ്പിക്കൽ, നീർമറിത്തട പുനരുജ്ജീവനം, വൃഷ്ടിപ്രദേശത്തെ കാടിന്റെ പുനരുജ്ജീവനം, മാലിന്യസംസ്കരണം, പുഴയോര കാടുകളുടെ പുനഃസ്ഥാപനം, ജൈവകൃഷിയിലേക്കുള്ള ഘട്ടംഘട്ടമായിട്ടുള്ള മാറ്റം എന്നിവയെല്ലാം ഉൾപ്പെടുന്നു.

മാധവ് ഗാഡ്ഗിൽ പാനൽ റിപ്പോർട്ട് വഹനശേഷിയേയും ഭൂപ്രദേശത്തെയും അടിസ്ഥാനമാക്കിയുള്ള ഒരു രൂപരേഖയാണ് മുന്നോട്ടുവെക്കുന്നത്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, പരിസ്ഥിതി സംഘടനകൾ, സംസ്ഥാന സർക്കാറുകൾ, ബന്ധപ്പെട്ട വകുപ്പുകൾ, എല്ലാം ചേർന്ന് ഒരു പ്രദേശത്തിന്റെ ജൈവ-പാരിസ്ഥിതി പ്രകൃതിയ്ക്ക് അനുയോജ്യമായ വികസനം നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട നിയന്ത്രണങ്ങളും നിർദ്ദേശങ്ങളുമാണ് വിവരിച്ചിട്ടുള്ളത്.

കേരളത്തിന്റെ സാമൂഹിക - സാമ്പത്തിക ഭദ്രതയുടെ നട്ടെല്ലാണ് പശ്ചിമഘട്ടമെന്ന അതിപുരാതനമായ മലനിരകൾ. അവശേഷിക്കുന്ന തുണ്ടു കാടുകളും ഒഴുകാൻ വെമ്പൽ കൊള്ളുന്ന കൊച്ചുപുഴുകളും ഭൂപടത്തിൽ നിന്നും മാഞ്ഞുകൊണ്ടിരിക്കുന്ന പശ്ചിമഘട്ടത്തിലെ കുന്നിൻ നിരകളും ഇവിടെ സംവത്സരങ്ങളായി നിലനിന്നുപോരുന്ന ആദിവാസി സംസ്കാരവും അനന്യമായ ജൈവസമ്പത്തും എല്ലാം ഒരുമിച്ച് സംരക്ഷിക്കാനും ഭാവിയിലേക്ക് പരിപാലിക്കാനും ഉതകുന്ന ഒരു വികസന കാഴ്ചപ്പാടാണ് പശ്ചിമഘട്ട പാനൽ റിപ്പോർട്ട് മുന്നോട്ട് വെക്കുന്നത്. ഇതൊരു തുടക്കം മാത്രം.

പരിസ്ഥിതിയെ അതിന്റെ എല്ലാ വൈവിധ്യങ്ങളോടും സങ്കീർണ്ണതകളോടും കൂടി നെഞ്ചോട് ചേർത്ത് വെച്ച്, രാഷ്ട്രീയ സാമൂഹിക ഇച്ഛാശക്തിയുടെ പിൻബലത്തോടു കൂടിയതും തുറന്ന സമീപനത്തോടുകൂടിയതും ആയ, പാരിസ്ഥിതിക പ്രാധാന്യമുള്ളതും വിവിധ ഘടകങ്ങൾ ഉൾച്ചേർന്നതുമായ ആസൂത്രണ (Ecologically Sensitive and inclusive planning) പ്രക്രിയയിലേക്ക് കേരളം ചുവടുവയ്ക്കാൻ ഇനിയെങ്കിലും തയ്യാറാകണം എന്നതാണ് പശ്ചിമഘട്ട പാനൽ റിപ്പോർട്ട് നമുക്ക് നൽകുന്ന സന്ദേശം.